പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 446 19.03.2013 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സിയുടെ ബാദ്ധ്യതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ<br>" കെ. വി. വിജയദാസ്<br>" റ്റി. വി. രാജേഷ്<br>" എ. എം. ആരിഫ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യെ ശക്തിപ്പെടുത്താനും അതിന്റെ ബാദ്ധ്യത ഒഴിവാക്കുന്നതിന് ഒരു സ്കീം ആവിഷ്കരിക്കാനും നടപടി സ്വീകരിക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി. യുടെ വരവും-ചെലവും തമ്മിലുള്ള അന്തരം കുറച്ച് ലാഭത്തിലേയ്ക്ക് നയിക്കുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം സംബന്ധിച്ച പഠനം നടത്തുന്നതിനായി വർമ്മ ആന്റ് വർമ്മ, ചാർട്ടേഡ് അക്കൗണ്ടന്റ്സ് എന്ന സ്ഥാപനത്തിനെ നിയോഗിക്കുകയും ടി സ്ഥാപനം സമർപ്പിച്ച പഠന റിപ്പോർട്ടിന് കെ.എസ്. ആർ.ടി.സി. യുടെ ഭരണ നിർവ്വഹണ സമിതിയുടെ അംഗീകാരം ലഭിക്കുകയും ടി റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിൽ കോർപ്പറേഷൻ നടപ്പിലാക്കേണ്ടുന്ന കാര്യങ്ങളായ ഷെഡ്യൂളുകളുടെ പുനക്രമീകരണം, വിവര സാങ്കേതിക വിദ്യയുടെ വ്യാപനം, ഡ്രൈവർമാരുൾപ്പടെയുള്ള ജീവനക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം, ബസ്സുകളിലെ ഡീസലിന്റെ ഉപഭോഗക്ഷമത വർദ്ധിപ്പിക്കൽ എന്നിവയിൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമൂലം കോർപ്പറേഷന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് ചെലവിൽ കുറവ് വന്ന് വരുമാനം വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള സാമ്പത്തിക ബാദ്ധ്യത 1,204.55 കോടി രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>KTDFC - 1,058.17 കോടി രൂപ<br>HUDCO - 81.38 കോടി രൂപ<br>LIC - 65.00 കോടി രൂപ<br>ആകെ - 1,204.55 കോടി രൂപ |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തൊക്കെയാണ്; പ്രസ്തുത പ്രതിസന്ധികൾക്കുള്ള അടിയന്തിര പ്രതിവിധികൾ എന്തെല്ലാമാണ് ? | (ബി) | പ്രതിമാസ പെൻഷൻ ഇനത്തിൽ പെൻഷൻകാർക്ക് നൽകുന്ന തുകയും വർദ്ധിപ്പിച്ച വായ്പ തിരിച്ചടവും ഡീസലിന്റെ സബ്സിഡി പിൻവലിച്ചത് മൂലമുള്ള വർദ്ധനവുമാണ് കെ.എസ്.ആർ.ടി.സി നേരിടുന്ന പ്രധാന പ്രതിസന്ധികൾ. പ്രതിമാസം 35 കോടി രൂപ പെൻഷൻ നൽകുന്നതിനായും, 40 കോടിയോളം രൂപ വായ്പ തിരിച്ചടവിനായും നൽകേണ്ടി വരുന്നു. ഡീസൽ വില വർദ്ധനവ് മൂലം 18 കോടി രൂപയുടെ പ്രതിമാസ അധിക ബാദ്ധ്യതയുമുണ്ട്. തൻമൂലം പ്രതിമാസ വരവും-ചെലവും തമ്മിലുള്ള അന്തരം ഏകദേശം 94 കോടി രൂപയാണ്. ഡീസൽ വില വർദ്ധനവ് മൂലമുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി താൽക്കാലിക സാമ്പത്തിക സഹായമായി 28 കോടി രൂപ കെ.എസ്.ആർ.ടി.സി. യ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഒരു സ്പെഷ്യൽ പാക്കേജ് നടപ്പാക്കുന്നതിനായി 50 കോടി രൂപയും 2013 മാർച്ച് മാസത്തിൽ ധനസഹായമായി 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി. യുടെ പുനരുജ്ജീവനത്തിനായി വർമ്മ & വർമ്മ എന്ന ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനം തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ